**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1562** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്വയം എഴുതിയ ആധാരങ്ങളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ആധാരം സ്വയം എഴുതാം എന്ന ഉത്തരവ് പ്രകാരം ആധാരമെഴുത്തുകാരുടെ സഹായമില്ലാതെ ജനങ്ങൾ ആധാരങ്ങൾ എഴുതി തുടങ്ങിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (എ) | ആധാരം സ്വയം എഴുതാം എന്ന ഉത്തരവ് പ്രകാരം ആധാരമെഴുത്തുകാരുടെ സഹായമില്ലാതെ ജനങ്ങൾ ആധാരങ്ങൾ എഴുതി തുടങ്ങിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ എത്ര ആധാരങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | ആധാരം സ്വയം എഴുതാം എന്ന ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ആധാരങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 1313 |
| കൊല്ലം | 379 |
| പത്തനംതിട്ട | 154 |
| ആലപ്പുഴ | 384 |
| കോട്ടയം | 126 |
| ഇടുക്കി | 141 |
| എറണാകുളം | 566 |
| തൃശ്ശൂർ | 271 |
| പാലക്കാട് | 118 |
| മലപ്പുറം | 251 |
| കോഴിക്കോട് | 397 |
| വയനാട് | 101 |
| കണ്ണൂർ | 189 |
| കാസർഗോഡ് | 40 |
| ആകെ | 4430 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം ജനങ്ങൾ ആധാരങ്ങൾ സ്വയം എഴുതുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന ആധാരമെഴുത്തുകാരുടെ താല്പര്യം സംരക്ഷിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | 01/03/2016 തീയതിയിലെ IT.3-30120/2010 നമ്പറായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ വിജ്ഞാപനപ്രകാരം 01/03/2016 തീയതി മുതലാണ് ആധാരകക്ഷികൾക്ക് (Executant/Claimant) ആധാരം സ്വയം തയ്യാറാക്കാൻ അനുവാദം നൽകിയിട്ടുള്ളത്. ശരാശരി ഒരു സാമ്പത്തിക വർഷം 10 ലക്ഷത്തോളം ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. മേൽ ബി പിരിവിൽ പറഞ്ഞിരിക്കുന്ന കണക്കുകളുമായി പരിശോധിച്ചാൽ വളരെ കുറച്ച് പൊതുജനങ്ങൾ മാത്രമേ ടി സേവനം ഉപയോഗിച്ചിട്ടുള്ളൂ എന്ന് മനസ്സിലാക്കാവുന്നതാണ്. നിലവിൽ സംസ്ഥാനത്ത് ബഹുഭൂരിപക്ഷം ആധാരങ്ങളും ആധാരമെഴുത്തുകാർ/അഡ്വക്കേറ്റുമാർ മുഖേന തന്നെയാണ് തയ്യാറാക്കി രജിസ്റ്റർ ചെയ്തുവരുന്നത്. ആയതിനാൽ ആധാരമെഴുത്ത് തൊഴിൽ നഷ്ടപ്പെടുമെന്നുള്ള ആശങ്ക അടിസ്ഥാന രഹിതമാണ് എന്ന് ബോധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ